(സി—എഫ്) തീപിടുത്തത്തെപ്പറ്റി അന്വേഷണം നടത്താൻ ദക്ഷിണമേഖല ഐ.ജി.-യേയും പത്തനംതിട്ട ജില്ലാ കളക്ടറേയും ചുമതലപ്പെടുത്തിയിരുന്നു. ജില്ലാ കളക്ടറിൽനിന്ന് ലഭിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. മേലിൽ ഉത്തരം അനിഷ്ട സംഭവങ്ങൾ ഒഴിവാക്കാൻ ഫയർഫോഴ്സിന്റെ സാങ്കേതിക ഉപദേശത്തിന്റെ വെളിച്ചത്തിൽ നടപടികൾ എടുത്തുവരുന്നുമുണ്ട്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ത്രിവിക്രമംഗലം ക്ഷേത്രത്തിലെ ക്രമക്കേടുകൾ

71 [1078] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിൽ തിരുവനന്തപുരം ഗ്രൂപ്പിൽപ്പെട്ട ത്രിവിക്രമംഗലം ക്ഷേത്രത്തിലെ ക്ഷേത്രോപദേശക സമിതിയുടെ ക്രമക്കേടുകളെക്കുറിച്ചും വെട്ടിപ്പിനെക്കുറിച്ചും ദേവസ്വം ബോർഡിന് നൽകിയ പരാതിയിൽ പറയുന്ന കാര്യങ്ങളെ സംബന്ധിച്ച് വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിജിലൻസ് അന്വേഷണത്തിൽ നിലവിലുള്ള ക്ഷേത്രോപദേശക സമിതി ഭാരവാഹികൾ കുറ്റക്കാരാണെന്ന് തെളിഞ്ഞിട്ടുണ്ടോ; വിജിലൻസ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) വിജിലൻസ് അന്വേഷണത്തിൽ ഇവർ കുറ്റക്കാരാണെന്ന് തെളിഞ്ഞിട്ടുണ്ടെങ്കിൽ ഇവരിൽനിന്നും നഷ്ടം ഈടാക്കുന്നതിനും മേലിൽ ഇത്തരം സംഭവം ആവർത്തിക്കാതിരിക്കാനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഡി) വിശ്വാസവഞ്ചനയും സാമ്പത്തിക ക്രമക്കേടുകളും നടത്തിയ കമ്മിറ്റിക്കാരെ തുടർന്നുള്ള കമ്മിറ്റികളിൽ ഉൾപ്പെടുത്താതിരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിലെ വിജിലൻസ് വിംഗ് അന്വേഷിച്ചിട്ടുണ്ട്.

(ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ വിജിലൻസ് സൂപ്രണ്ട് ഓഫ് പോലീസ് ടി പരാതി സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് ബോർഡിന് സമർപ്പിച്ചിട്ടുണ്ടെന്നും ക്ഷേത്രോപദേശക സമിതിയിലെ ചില ഭാരവാഹികൾ ചട്ടങ്ങൾ ലംഘിച്ച് പണപ്പിരിവ് നടത്തിയതായും, വിശ്വാസവഞ്ചനയും സാമ്പത്തിക ദുർവിനിയോഗവും നടത്തിയതായും തെളിഞ്ഞിട്ടുണ്ടെന്നും ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(സി, ഡി) കുറ്റങ്ങൾ നടത്തിയതായി റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ട ഉപദേശക സമിതിയിലെ അംഗങ്ങളെ പുതിയ ക്ഷേത്രോപദേശക സമിതിയിൽ ഉൾപ്പെടുത്താതിരിക്കാൻ നടപടി സ്വീകരിച്ചിട്ടുള്ളതായി ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly